**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 165** **14-10-2024 - ൽ മറുപടിയ്ക്ക്**

**പൊതുജനാരോഗ്യ മേഖലയെ മുൻപന്തിയിൽ എത്തിക്കാനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന പൊതുജനാരോഗ്യ മേഖലയെ രാജ്യത്ത് മുൻപന്തിയിൽ എത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കിയ ശ്രദ്ധേയമായ പദ്ധതികൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | കേരളത്തിന്റെ പൊതുജനാരോഗ്യ മേഖലയെ രാജ്യത്ത് മുൻപന്തിയിൽ എത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ഫലപ്രദമായി നടപ്പാക്കി വരുന്ന ശ്രദ്ധേയമായ പദ്ധതികൾ **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ വന്നതിനുശേഷം ഏതെല്ലാം മേഖലകളിലാണ് ആരോഗ്യരംഗം ദേശീയ ശരാശരിയിൽ മുൻനിരയിൽ എത്തിയതെന്നു വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മാതൃ-ശിശു ആരോഗ്യത്തിലും ആശുപത്രികളുടെ ഗുണനിലവാര സൂചകങ്ങളിലും മെഡിക്കൽ വിദ്യാഭ്യാസ രംഗത്തും സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിലും ദേശീയ തലത്തിൽ അംഗീകാരങ്ങൾ ലഭിച്ചു. ആയുർദൈർഘ്യം, മാതൃ-ശിശു മരണ നിരക്ക്, ലിംഗാനുപാതം തുടങ്ങിയ സുപ്രധാന ആരോഗ്യ സൂചകങ്ങളിലെല്ലാം കേരളം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളേക്കാൾ ഏറെ മുന്നിലാണ്. പ്രാഥമിക, ദ്വിതീയ, തൃതീയ തലങ്ങളിലുള്ള സമഗ്രമായ ആരോഗ്യ സംരക്ഷണ ശൃംഖല, മികച്ച രോഗപ്രതിരോധ പ്രവർത്തനങ്ങൾ, സാങ്കേതിക നവീകരണം, ആരോഗ്യ വിദഗ്ധർ തുടങ്ങി എല്ലാ മേഖലകളിലും കേരളം കൈവരിച്ച നേട്ടം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലഭിച്ച അംഗീകാരങ്ങൾ **അനുബന്ധം-2** ആയി ചേർക്കുന്നു. |
| (സി) | അവയവമാറ്റ ശസ്ത്രക്രിയകൾ സുരക്ഷിതവും സുതാര്യവുമായി നടത്തുന്നതിനും സാമ്പത്തിക ബുദ്ധിമുട്ടുള്ള സാധാരണക്കാർക്കും ചികിത്സ ലഭ്യമാക്കുന്നതിനും നടപ്പാക്കിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണ് എന്നറിയിക്കുമോ; | (സി) | സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയകൾ പൂർണമായും സൗജന്യമായാണ് നടത്തുന്നത്. അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന നിർദ്ധനരായ രോഗികൾക്ക് കാസ്പ് എംപാനൽഡ് ആശുപത്രികൾ വഴി ചികിത്സാ സഹായം നൽകുന്നുണ്ട്. സർക്കാർ ജീവനക്കാർക്ക് മെഡിസെപ് വഴി അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് സഹായം നൽകുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികൾ വഴി അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്ക് സൗജന്യമായി മരുന്നുകൾ |

<table>
<tr><td></td><td></td><td></td><td>നൽകി വരുന്നു. സാമൂഹിക സുരക്ഷാ മിഷന്റെ ‘സമാശ്വാസം പദ്ധതി’ വഴി അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്ക് എല്ലാ മാസവും പെൻഷൻ നൽകുന്നുണ്ട്. ഈ പദ്ധതിയിലൊന്നും ഉൾപ്പെടാത്ത നിർദ്ധനരായ രോഗികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം നൽകാറുണ്ട്.കേരളത്തിലെ സാധാരണക്കാർക്ക് ട്രാൻസ്പ്ലാന്റ് ശസ്ത്രക്രിയയ്ക്ക് മാത്രമായി ഏറ്റവും മികച്ച സൗകര്യവും തുടർ ചികിത്സയും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ‘കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൺ ട്രാൻസ്പ്ലാന്റ്’ എന്ന സ്ഥാപനം കോഴിക്കോട് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിന് സൗകര്യമുള്ള ആശുപത്രിയുടേയും മറ്റും വിവരങ്ങൾ അനുബന്ധം -3 ആയി ചേർക്കുന്നു.</td></tr>
<tr><td>(ഡി)</td><td>ഈ സർക്കാർ വന്നതിനുശേഷം ഏതെല്ലാം ആശുപത്രികളിൽ ഏതൊക്കെ അവയവമാറ്റ ശസ്ത്രക്രിയകളാണ് നാളിതുവരെ വിജയകരമായി നടപ്പാക്കിയതെന്നും മികച്ച സൗകര്യങ്ങളൊരുക്കി കൂടുതൽ സർക്കാർ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയകൾ വ്യാപിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ?</td><td>(ഡി)</td><td>ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം സർക്കാർ ആശുപത്രികളിൽ നടത്തിയ അവയവമാറ്റ ശസ്ത്രക്രിയകളുടെ വിശദാംശങ്ങൾ പട്ടിക തിരിച്ച് ചുവടെ ചേർക്കുന്നു. നാളിതുവരെ 376 മസ്തിഷ്ക മരണാനന്തര അവയവദാതാക്കളിൽ നിന്നും 1092 അവയവ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയകൾ നടന്നിട്ടുണ്ട്.<br><br>
<table>
<tr><th>ആശുപത്രി</th><th>അവയവങ്ങൾ</th></tr>
<tr><td>സർക്കാർ മെഡിക്കൽ കോളേജ്<br><br>ആശുപത്രി, തിരുവനന്തപുരം</td><td>വൃക്ക, കരൾ, ഹൃദയം</td></tr>
<tr><td>സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം</td><td>വൃക്ക, കരൾ, ഹൃദയം, ശ്വാസകോശം</td></tr>
<tr><td>സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ</td><td>വൃക്ക</td></tr>
<tr><td>സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്</td><td>വൃക്ക</td></tr>
<tr><td>എറണാകുളം ജനറൽ ഹോസ്പിറ്റൽ</td><td>വൃക്ക</td></tr>
</table></td></tr>
</table>

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

സംസ്ഥാനത്ത് പൊതുജനാരോഗ്യ മേഖലയെ രാജ്യത്ത് മുൻപന്തിയിൽ എത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന ശ്രദ്ധേയമായ പദ്ധതികൾ താഴെ പറയുന്നവയാണ്.

- **നവകേരളം കർമ്മപദ്ധതി 2 – ആർദ്രം മിഷൻ**

സർക്കാർ ആരോഗ്യ സംവിധാനങ്ങൾ വഴി ലഭിക്കുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷ ഉറപ്പാക്കുക, ചികിത്സാ ചിലവുകൾ കുറയ്ക്കുക, സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുക എന്നീ ലക്ഷ്യങ്ങളോടെ സർക്കാർ ആരംഭിച്ച പദ്ധതിയാണ് ആർദ്രം മിഷൻ. ആർദ്രം മിഷന്റെ ആദ്യ ഘട്ടത്തിൽ ആരോഗ്യ സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങളാണ് പ്രധാനമായും നടപ്പിലാക്കിയത്. ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായും പരിവർത്തനം ചെയ്യുകയും താലൂക്ക് ആശുപത്രികൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളിലെ ഒ.പി പരിവർത്തനം നടപ്പിലാക്കുകയും ചെയ്തു. ഇതോടൊപ്പം താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങളും ഡയാലിസിസ് യൂണിറ്റുകളും ലേബർ റൂമുകളും ജില്ലാ/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും കാത്ത് ലാബ് സംവിധാനങ്ങളും ആരംഭിച്ചു. കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി വിഷാദ രോഗങ്ങൾ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനുള്ള ആശ്വാസം പദ്ധതിയും, ശ്വാസകോശ രോഗങ്ങൾ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനുള്ള ശ്വാസ് പദ്ധതിയും നടപ്പിലാക്കി.

ആരോഗ്യ വകുപ്പിലൂടെ ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളിലും പ്രവർത്തന മികവിലും ഗുണനിലവാര വർദ്ധനയിലും ഊന്നൽ നൽകി ജനകീയ പങ്കാളിത്തത്തോടെ ആരോഗ്യകരമായ ജീവിതം കൈവരിക്കാനുള്ള സാമൂഹിക പ്രവർത്തനങ്ങളാണ് ആർദ്രം മിഷന്റെ രണ്ടാം ഘട്ടത്തിൽ പ്രധാനമായും നടപ്പിലാക്കി വരുന്നത്. ആർദ്രം മിഷന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ പ്രധാനമായും പത്ത് പദ്ധതികളിലൂടെയാണ് നടപ്പിലാക്കി വരുന്നത്.

- **ആരോഗ്യ സ്ഥാപനങ്ങളുടെ ജനസൗഹൃദ പരിവർത്തനം** – ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളായും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായും സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായും ചെയ്യുക, താലൂക്ക് ആശുപത്രികൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിലെ ഒപി പരിവർത്തനം എന്നിവ പൂർത്തിയാക്കി ആരോഗ്യ സ്ഥാപനങ്ങളെ ജനസൗഹൃദമാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.
- **വാർഷിക ആരോഗ്യ പരിശോധന** – 30 വയസ്സിന് മുകളിൽ പ്രായമായ എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും സ്ക്രീൻ ചെയ്യാനുള്ള സംവിധാനം ഒരുക്കുന്നതിലൂടെ ജീവിതശൈലീ രോഗങ്ങളെ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തി ചികിത്സയും തുടർസേവനങ്ങളും ഉറപ്പാക്കുകയും സങ്കീർണ്ണതകൾ ഒഴിവാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.
- **കാൻസർ കെയർ പദ്ധതി** – ഫീൽഡ് തല സ്ക്രീനിംഗ് വഴി ക്യാൻസർ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തി ചികിത്സ ഉറപ്പാക്കുക, സർക്കാർ ആശുപത്രികളിൽ ക്യാൻസർ ചികിത്സയ്ക്കുള്ള സംവിധാനങ്ങൾ ഒരുക്കി രോഗികൾക്ക് ക്യാൻസർ ചികിത്സ പ്രാപ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

- **വയോജന സാന്ത്വന പരിചരണം** - നിലവിലെ സാന്ത്വന പരിചരണ സംവിധാനങ്ങളെ ഏകോപിപ്പിച്ച് കൊണ്ട് സാന്ത്വന പരിചരണ രംഗത്ത് ഏകീകൃത പരിചരണ സംവിധാനം ഒരുക്കുകയും കിടപ്പ് രോഗികളുടേയും ദീർഘകാല രോഗങ്ങളുള്ള വയോജനങ്ങളുടേയും രജിസ്ട്രി തയ്യാറാക്കി സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുകയുമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.
- **ഏകാരോഗ്യം (One Health)** - ജന്തുജന്യ രോഗങ്ങൾക്ക് കാരണമാവുന്ന അസാധാരണമായ സംഭവങ്ങളുടെ നിരീക്ഷണവും അതിലേക്ക് നയിക്കുന്ന ഘടകങ്ങൾ കണ്ടെത്താനുള്ള സംവിധാനങ്ങളും ഒരുക്കുക വഴി ജന്തു ജന്യ രോഗങ്ങളും പകർച്ചവ്യാധികളും പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തി പ്രതിരോധിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.
- **നിർണ്ണയ ലാബ് നെറ്റ് വർക്കിങ്** - സർക്കാർ മേഖലയിലെ ലാബുകളെ ഹബ് & സ്പോക്ക് മാതൃകയിൽ ബന്ധിപ്പിക്കുന്നതിലൂടെ ഗുണനിലവാരവും ആധുനിക പരിശോധനാ സംവിധാനങ്ങളും ഉറപ്പാക്കുകയും ലാബ് സേവനങ്ങൾ കുറഞ്ഞ നിരക്കിൽ രോഗികൾക്ക് പ്രാപ്യമാക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- **രോഗ നിവാരണ പ്രവർത്തനങ്ങൾ** - മലമ്പനി, മന്ത്, ക്ഷയ രോഗം, കാലാ അസാർ, കുഷ്ഠരോഗം, മീസിൽസ്, റൂബല്ല മുതലായ രോഗങ്ങൾ സമയബന്ധിതമായി നിവാരണം ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.
- **ഹെൽത്തി ലൈഫ് ക്യാമ്പയിൻ** - ജീവിതശൈലീ രോഗങ്ങൾ, മാനസികാരോഗ്യം, വയോജന ആരോഗ്യവും ക്ഷേമവും, പകർച്ചവ്യാധി നിയന്ത്രണം, രോഗ നിവാരണം എന്നീ മേഖലകളിൽ ബോധവൽക്കരണ, ശീലവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലൂടെ ജീവിതശൈലീ രോഗങ്ങളുടേയും പകർച്ചവ്യാധികളുടേയും പ്രാചുര്യം കുറയ്ക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.
- **സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ** - സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുക വഴി പകർച്ചവ്യാധി നിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.
- **ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും** - വിവിധ ചികിത്സാ ശാഖകളുടെ ഏകോപനത്തിലൂടെ ശാസ്ത്രീയ ചികിത്സ പ്രോത്സാഹിപ്പിക്കുക, ആരോഗ്യ രംഗത്ത് ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

- KARE (Kerala united Against Rare Disease)

അപൂർവ്വ രോഗങ്ങൾ ബാധിച്ച് ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് അവ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തുക, ചികിത്സ ലഭ്യമായ സാഹചര്യങ്ങളിൽ അവ ലഭ്യമാക്കുക, സാധ്യമായ തെറാപ്പികൾ, സാങ്കേതിക സഹായ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക, ഗൃഹകേന്ദ്രീകൃത സേവനങ്ങൾ ഉറപ്പുവരുത്തുക, മാതാപിതാക്കൾക്കുള്ള മാനസിക സാമൂഹിക പിന്തുണ ഉറപ്പ് വരുത്തുക, പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക തുടങ്ങിയവ ലക്ഷ്യമിട്ട് സർക്കാർ ആരംഭിച്ച സമഗ്ര പരിചരണ പദ്ധതിയാണ് KARE.

- **ജീവിതശൈലീ രോഗ പ്രതിരോധ - നിയന്ത്രണ പദ്ധതികൾ**

- **വാർഷിക ആരോഗ്യ പരിശോധന** – ആർദ്രം മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതി
- **അമൃതം ആരോഗ്യം** – ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ മുതൽ ജനറൽ ആശുപത്രികൾ വരെയുള്ള ആശുപത്രികളിലെ ജീവിതശൈലീ രോഗ ക്ലിനിക്കുകൾ വഴി നടപ്പിലാക്കുന്ന സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി
- **കാൻസർ കെയർ പദ്ധതി** – ആർദ്രം മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന സമഗ്ര കാൻസർ പ്രതിരോധ - നിയന്ത്രണ പദ്ധതി.
- **നയനാമൃതം** – പ്രമേഹം മൂലമുണ്ടാകുന്ന നേത്ര പടലാന്ധത (ഡയബറ്റിക് റെറ്റിനോപതി) പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്ന പദ്ധതി.
- **പാദസ്പർശം** – പ്രമേഹ രോഗികളിൽ പാദങ്ങളിൽ ഉണ്ടാകുന്ന വ്രണങ്ങളെയും മറ്റ് രോഗങ്ങളെയും കണ്ടെത്തി ചികിത്സ ഉറപ്പാക്കാനുള്ള സമഗ്ര പദ്ധതി.
- **ശ്വാസ് പദ്ധതി** – ഗുരുതര ശ്വാസകോശ രോഗമായ COPD കണ്ടെത്തി നിയന്ത്രിക്കുന്നതിനും ചികിത്സ ഉറപ്പാക്കാനുമുള്ള പദ്ധതി.
- **ശിരസ്സ് പദ്ധതി** – ജില്ലാ ആശുപത്രികളിൽ പ്രവർത്തനസജ്ജമാക്കിയ സ്ട്രോക്ക് യൂണിറ്റുകൾ വഴി പക്ഷാഘാതം നിർണ്ണയിക്കുന്നതിനും, ചികിത്സിക്കുന്നതിനുമുള്ള സമഗ്ര പദ്ധതി.
- **പെരിറ്റോണിയൽ ഡയാലിസിസ്** – CAPD (Continuos Ambulatory Peritonial Dialysis) യൂണിറ്റുകൾ എല്ലാ ജില്ലകളിലും സ്ഥാപിച്ച് വൃക്ക രോഗികളിൽ പെരിറ്റോണിയൽ ഡയാലിസിസ് സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി.
- **360 ഡിഗ്രീ മെറ്റബോളിക്ക് സെന്ററുകൾ** – ജീവിതശൈലീ രോഗങ്ങളുടെ സങ്കീർണ്ണതകളായ റെറ്റിനോപതി, ന്യൂറോപ്പതി, നെഫ്രോപ്പതി മുതലായവയെ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തി ചികിത്സയും തുടർപരിചരണവും ഉറപ്പാക്കാനുള്ള പദ്ധതി.

- **<u>മാതൃ - ശിശു ആരോഗ്യവുമായി ബന്ധപ്പെട്ട പദ്ധതികൾ</u>**

- **ശ്രുതിതരംഗം** – ഗുരുതരമായ ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് സൗജന്യ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയും അനുബന്ധ സേവനങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതി.
- **ഹൃദ്യം** – ജന്മനായുള്ള ഹൃദയ വൈകല്യങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്നതിനായുള്ള പദ്ധതി.
- **ശലഭം** – കുട്ടികൾക്കായുള്ള സമഗ്ര സ്ക്രീനിങ്, ഫോളോ ആപ്പ് പ്രവർത്തനങ്ങൾ നടത്തുവാനുള്ള പദ്ധതി. ഇതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന കുട്ടികൾക്കായി സമഗ്ര നവജാത ശിശു സ്ക്രീനിങ്ങും, ഫീൽഡ് തല സ്ക്രീനിങ്ങും നടത്തി വൈകല്യങ്ങൾ, വളർച്ചാ മാന്ദ്യങ്ങൾ, പോഷകാഹാരക്കുറവ്, മറ്റു രോഗങ്ങൾ എന്നിവ നേരത്തെ കണ്ടെത്തുകയും സൗജന്യ ചികിത്സയും തുടർപരിചരണവും ഉറപ്പാക്കുകയും ചെയ്യുന്നു.
- **ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ (DEIC)** – കുട്ടികളിൽ ഉണ്ടാകുന്ന വളർച്ചയിലെ കാലതാമസവും വൈകല്യങ്ങളും നേരത്തെ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു

- **മാതൃയാനം പദ്ധതി –** സർക്കാർ ആശുപത്രികളിൽ പ്രസവശേഷം അമ്മയെയും കുഞ്ഞിനെയും സൗജന്യമായി വീട്ടിൽ എത്തിക്കുന്ന പദ്ധതിയാണ് മാതൃയാനം. എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ കുടുംബങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

- **ആശാധാര**

ഹീമോഫീലിയ, സിക്കിൾ സെൽ അനീമിയ, തലാസീമിയ തുടങ്ങിയ രോഗങ്ങൾ ബാധിച്ചവർക്കായി നടപ്പിലാക്കി വരുന്ന സമഗ്രവും വികേന്ദ്രീകൃതവുമായ പദ്ധതിയാണ് ആശാധാര.

- **വിവ കേരള**

പതിനഞ്ച് വയസ്സ് മുതൽ 59 വയസ്സ് വരെയുള്ള പെൺകുട്ടികൾക്കും സ്ത്രീകൾക്കും വിളർച്ച ഉണ്ടോയെന്ന് കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്നതിനും സമൂഹത്തിൽ വിളർച്ചയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടി കുടുംബാരോഗ്യ കേന്ദ്രങ്ങളും, ജനകീയാരോഗ്യ കേന്ദ്രങ്ങളും വഴി നടപ്പിലാക്കുന്ന പദ്ധതി.

ഇത് കൂടാതെ ഹോമിയോപ്പതി വകുപ്പ് മുഖേനയും ഭാരതീയ ചികിത്സാ വകുപ്പ് മുഖേനയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഹോമിയോപ്പതി വകുപ്പ് മുഖേന ജനനി (വന്ധ്യതാ നിവാരണ പദ്ധതി), സീതാലയം (സ്ത്രീ സാന്ത്വന പദ്ധതി), ആയുഷ്മാൻ ഭവ (ജീവിത ശൈലി രോഗങ്ങളുടെ ചികിത്സയ്ക്കും പ്രതിരോധത്തിനുമുള്ള പദ്ധതി), സദ്ഗമയ (കൗമാര ആരോഗ്യ പരിചരണ പദ്ധതി), പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി, റീച്ച് (സാംക്രമിക രോഗ നിയന്ത്രണ പദ്ധതി), പുനർജനി (ലഹരി വിമോചന പദ്ധതി) എന്നീ പദ്ധതികളും ഫ്ലോട്ടിംഗ് ഹോമിയോ ഡിസ്പെൻസറി, ട്രൈബൽ മൊബൈൽ ഡിസ്പെൻസറി, നിസർഗ്ഗ (ട്രാൻസ്ജെൻഡേഴ്സിനുള്ള സ്പെഷ്യാലിറ്റി ഒ.പി), ജെറിയാട്രിക് ക്ലിനിക്ക്, എൻഡോക്രൈൻ ക്ലിനിക്ക് എന്നീ സ്പെഷ്യാലിറ്റി സേവനങ്ങളും നൽകി വരുന്നു.

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ പകർച്ചവ്യാധികളും പ്രകൃതി ദുരന്തവും തടയൽ, ജീവനിയും പുനർന്നവയും, വിദ്യാലയ ആരോഗ്യ പരിപാടികൾ, സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തലും ആധുനികവത്ക്കരണവും, എച്ച്.ഐ.എം.എസ് (ആരോഗ്യ വിവരശേഖരണ പരിപാലന സംവിധാനം) എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. സാധാരണക്കാരായ ജനങ്ങൾക്ക് കാരുണ്യ ഫാർമസികളിൽ എത്താതെ തന്നെ മരുന്നുകൾ കൊറിയർ മുഖാന്തരം വീട്ടിൽ എത്തിക്കുന്ന പദ്ധതിയായ കാരുണ്യ @ ഹോം പദ്ധതിയും ആയുഷ് ഹെൽത്ത് വെൽനെസ്സ് സെന്ററുകളും നാഷണൽ ആയുഷ് മിഷൻ വഴി നടപ്പിലാക്കി വരുന്നു.

Shaila.m

സെക്ഷൻ ഓഫീസർ

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലഭിച്ച അംഗീകാരങ്ങൾ താഴെ പറയുന്ന മേഖലകളിലാണ്.

- **മാതൃ-ശിശു ആരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ** - കേരളത്തിലെ മാതൃ മരണ നിരക്ക് ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ വച്ച് ഏറ്റവും കുറഞ്ഞതാണ്. കേരളത്തിലെ ശിശു മരണ നിരക്കും ദേശീയ ശരാശരിയേക്കാൾ വളരെ കുറവാണ്. ദേശീയ കുടുംബ ആരോഗ്യ സർവ്വെ (NFHS-5) കണക്കുകൾ പ്രകാരം ശിശു മരണ നിരക്കിന്റെ ദേശീയ ശരാശരി 35 ഉം (SRS 2020 പ്രകാരം ദേശീയ ശരാശരി 28 ഉം) കേരളത്തിന്റെ ശരാശരി 6 ഉം ആണ്. സുസ്ഥിര വികസന സൂചിക 2023 പ്രകാരം നവജാതശിശു മരണ നിരക്ക് 2030 ൽ ലക്ഷ്യം വെച്ചിരുന്നത് 1000 കുഞ്ഞുങ്ങൾക്ക് 12 എന്നായിരുന്നു, എന്നാൽ കേരളത്തിൽ ഇത് 1000 കുഞ്ഞുങ്ങളിൽ 4 എന്ന നേട്ടം കൈവരിക്കാൻ ആരോഗ്യ വകുപ്പിന് സാധിച്ചു. മാതൃ-ശിശു ആരോഗ്യവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ ഹൃദ്യം, ശലഭം, അമ്മയും കുഞ്ഞും പദ്ധതി, ക്രിട്ടിക്കൽ ന്യൂബോൺ കെയർ, SNCU, NBSU, NBCC, NRC, Mother & Baby Friendly Hospital Initiative, MusQan, KARE എന്നീ പദ്ധതികളിലൂടെയാണ് മാതൃമരണ നിരക്കും ശിശുമരണ നിരക്കും കുറയ്ക്കാൻ കേരളത്തിന് സാധിച്ചത്. ആറുമാസം വരെ കുഞ്ഞിന് മുലപ്പാൽ മാത്രം നൽകിയവരുടെ എണ്ണം 54.9 ശതമാനത്തിൽ നിന്നും 63.7 ശതമാനത്തിലേക്കും, രണ്ട് വയസ്സിൽ താഴെ പ്രതിരോധ കുത്തിവയ്പ്പുകൾ പൂർണ്ണമായും എടുത്ത കുട്ടികളുടെ എണ്ണം 62 ശതമാനത്തിൽ നിന്നും 76.4 ശതമാനം ആയി ഉയർത്താനും സാധിച്ചിട്ടുണ്ട്.
- **അപൂർവ്വ രോഗ ചികിത്സയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ** - അപൂർവ്വരോഗ ബാധിതരായ കുഞ്ഞുങ്ങളുടെ ചികിത്സയ്ക്ക് KARE പദ്ധതി നടപ്പിലാക്കുക വഴി ശിശു മരണ നിരക്ക് വീണ്ടും കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. സ്പൈനൽ മസ്കുലർ അട്രോഫി (SMA) പോലുള്ള രോഗങ്ങൾ ബാധിച്ച ഒരു വയസ്സിന് താഴെയുള്ള കുട്ടികളിൽ 93 ശതമാനം കുട്ടികളും കൃത്യമായ ചികിത്സ നൽകിയതു കൊണ്ട് മരണത്തിൽ നിന്നും രക്ഷപ്പെടുത്താൻ സാധിച്ചു. കേരളത്തിൽ 65 ശതമാനം രോഗബാധിതരും ഏതെങ്കിലും തരത്തിലുള്ള ചികിത്സ നേടുന്നുണ്ട്. അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്ക് മികവിന്റെ കേന്ദ്രമായി രാജ്യത്തെ തിരഞ്ഞെടുക്കപ്പെട്ട പതിനൊന്ന് ആശുപത്രികളിൽ ഒന്നും കേരളത്തിലെ ആദ്യ ആശുപത്രിയുമാണ് എസ്.എ.റ്റി ആശുപത്രി.
- **മെഡിക്കൽ വിദ്യാഭ്യാസ രംഗം** - മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയ റാങ്കിംഗ് പട്ടികയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജും ഡെന്റൽ കോളേജും ഇടം പിടിച്ചു. 2023 ലെ റാങ്കിംഗിലാണ് കേരളത്തിൽ നിന്നുള്ള ഒരു സർക്കാർ മെഡിക്കൽ കോളേജ് (തിരുവനന്തപുരം) ആദ്യമായി ഇടം പിടിച്ചത്.
- **ആശുപത്രി ഗുണനിലവാര പ്രവർത്തനങ്ങൾ** - ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ കേരളത്തിൽ ആദ്യമായി മികച്ച ശിശു സൗഹൃദ സേവനങ്ങൾക്കുള്ള ദേശീയ മുസ്കാൻ (MusQan) സർട്ടിഫിക്കേഷൻ 96% മാർക്കോടുകൂടി ഗവൺമെന്റ് മെഡിക്കൽ കോളേജ് കോഴിക്കോട് 2024 ജനുവരിയിൽ സ്വന്തമാക്കി. National Quality Assurance Standard പ്രകാരം ആശുപത്രിയിലെ പ്രസവ മുറിയിലും ഓപ്പറേഷൻ തിയേറ്ററിലും (Quality Improvement Programme) ഭാഗമായി നടപ്പാക്കുന്ന ലക്ഷ്യ പ്രോഗ്രാമിന് 2024 ലക്ഷ്യ (OT & Labour Room) ദേശീയ അംഗീകാരം ലഭിച്ചു. വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് 2023 വർഷത്തിൽ LaQshya പുരസ്കാരം ലഭിച്ചിട്ടുണ്ട്.

- **സൗജന്യ ചികിത്സ നൽകിയതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ** - 2019-20 വർഷങ്ങളിൽ ABPMJAY KASP പദ്ധതി വഴി ഏറ്റവും കൂടുതൽ രോഗികൾക്ക് പണരഹിത ചികിത്സാ ആനുകൂല്യം നൽകിയതിന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് ദേശീയ തലത്തിൽ അംഗീകാരം ലഭിച്ചു. ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിന് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ കാർഡുകൾ (കാസ്പ് ഹെൽത്ത് ഇൻഷുറൻസ്) നൽകിയതിന് സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനവും, ദേശീയ തലത്തിൽ മൂന്നാം സ്ഥാനവും നേടി. കോട്ടയം കോഴിക്കോട് മെഡിക്കൽ കോളേജുകൾ മുഖാന്തിരം കാസ്പ് പദ്ധതികൾ വഴി ഏറ്റവും കൂടുതൽ രോഗികൾക്ക് സൗജന്യ ചികിത്സ നൽകിയതിന് കേരള സംസ്ഥാനത്തിന് രാജ്യത്ത് ഒന്നാം സ്ഥാനം നേടുവാൻ സാധിച്ചു.

**ആരോഗ്യ വകുപ്പിന് ദേശീയതലത്തിൽ ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ ചുവടെ ചേർക്കുന്നു.**

- ഗവേണൻസ് നൗ ഡിജിറ്റൽ ഇന്നൊവേഷൻ ഫോർ ഹെൽത്ത് കെയർ ട്രെയിനിംഗ് നാലാമത്തെ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡുകൾ 2021 (പ്രോജക്റ്റ് AB PMJAY KASP-യുമായി KBF-ന്റെ സംയോജനം)
- ഗവേണൻസ് നൗ പി.എസ്.യു. ഐ.ടി. അവാർഡുകൾ 2023 - മികച്ച ഐ.ടി. സംവിധാനം നടപ്പാക്കൽ പദ്ധതി (ആരോഗ്യകിരണം പദ്ധതിയുടെ ഡിജിറ്റലൈസേഷൻ).
- APAC ഹെൽത്ത് കെയർ ഇംപാക്റ്റ് അവാർഡ് 2022
- ആരോഗ്യ മന്ഥൻ 2023- ആയുഷ്മാൻ ഉത്കൃഷ്ടത പുരസ്കാരം 2021, 2023
- ഇൻഡിഗ്ലോബൽ ഹെൽത്ത് കെയർ സമ്മിറ്റ് 2022 കാരുണ്യ ബെനവലന്റ് ഫണ്ട് (കെ.ബി.എഫ്) പദ്ധതിക്ക് കേരള സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുള്ള എക്സലൻസ് അവാർഡ്.
- PM-JAY (ഒക്ടോബർ 2022 മുതൽ സെപ്റ്റംബർ 2023 വരെ) പദ്ധതിയിൽ നൂതന ആശയങ്ങൾ നടപ്പിലാക്കിയതിന്.
- AB-PM-JAY ക്ക് കീഴിൽ ആയിരം ഗുണഭോക്താക്കൾക്ക് ഏറ്റവും ഉയർന്ന എണ്ണത്തിൽ " ബെഡ് എംപാനൽമെന്റ് " ചെയ്തതിന്.
- AB-PM-JAY KASP (വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ) ഏറ്റവും കൂടുതൽ ചികിത്സകൾ നൽകിയ സംസ്ഥാനം.
- AB-PM-JAY KASP-ന് പദ്ധതിയിൽ പ്രകാരം അർഹതപ്പെട്ടവരിൽ 90% പേർക്ക് കാർഡ് വിതരണം ചെയ്തതിന്.
- AB-PM-JAY KASP പ്രകാരം അനുവദിച്ച ഫണ്ടുകളുടെ പൂർണ്ണമായ വിനിയോഗം.
- ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾ 2022 ലും 2023 ലും ഏറ്റവും മികച്ച രീതിയിൽ ഏകോപിപ്പിച്ച സംസ്ഥാനം.
- ഹീമോഫീലിയ വിവര ശേഖരണത്തിനും ഏകോപനത്തിനും അന്തർദേശീയ അംഗീകാരം
- കാഴ്ച പരിമിതർക്കായി സജ്ജമാക്കിയ സേവനത്തിന് പ്രത്യേക ആരോഗ്യ മന്ഥൻ 2023 പുരസ്കാരം
- അനുവദിച്ച തുക പൂർണമായും വിനിയോഗം നടത്തിയ സംസ്ഥാനം
- ഗുണഭോക്താക്കൾക്ക് ഏറ്റവും കൂടുതൽ ബെഡുകൾ എംപാനൽ ചെയ്ത സംസ്ഥാനത്തിനുള്ള അവാർഡ്.
- കുറഞ്ഞത് ഒരു ആയുഷ്മാൻ കാർഡ് എങ്കിലുമുള്ള 90% കുടുംബങ്ങൾക്ക് മുകളിലുള്ള സംസ്ഥാനം
- സംസ്ഥാന ആശാധാര പദ്ധതിയ്ക്ക് ദേശീയ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ്

- ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ തുടർച്ചയായ രണ്ട് വർഷങ്ങളിൽ (2022, 2023) കേരളം ഒന്നാമത്.
- ഭക്ഷ്യസുരക്ഷാ സൂചികയിൽ ദേശീയതലത്തിൽ രണ്ടാം സ്ഥാനം (2021)
- കേരളത്തിന്റെ ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്ക് നാഷണൽ ഹെൽത്ത്കെയർ അവാർഡ്
- ആരോഗ്യ രംഗത്തെ മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനത്തിനുള്ള ഇന്ത്യാ ടുഡേ 2022 അവാർഡ്
- മാതൃമരണം കുറയ്ക്കുന്നതിൽ ബെസ്റ്റ് പെർഫോമിംഗ് സ്റ്റേറ്റിനുള്ള ദേശീയ അവാർഡ്
- എൻ.ക്യു.എ.എസ് അംഗീകാരം ഏറ്റവും കൂടുതൽ കരസ്ഥമാക്കിയ സംസ്ഥാനം (2021)
- ദേശീയ തലത്തിൽ എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ച നഗര പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ കേരളത്തിന് ഒന്നാം സ്ഥാനം.
- ദേശീയ തലത്തിൽ എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ച പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ രണ്ടാം സ്ഥാനം
- ഇന്ത്യാ ടുഡേയുടെ 'ഹെൽത്ത്ഗിരി' അവാർഡ്
- ഇ സഞ്ജീവനി, കാരുണ്യ ബനവലന്റ് ഫണ്ട് എന്നീ സംരംഭങ്ങൾക്ക് ഗവേർണസ് നൗവിന്റെ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ അവാർഡ്
- എഫ്.എസ്.എസ്.എ.ഐ.യുടെ ഈറ്റ് റൈറ്റ് ചലഞ്ചിൽ സംസ്ഥാനത്തെ നാല് നഗരങ്ങൾക്ക് ദേശീയ പുരസ്കാരം.
- രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ ആശുപത്രിയായി കോട്ടയം മെഡിക്കൽ കോളേജ്
- രാജ്യത്ത് ഏറ്റവും കൂടുതൽ കാർഡിയോളജി ഇന്റർവെൻഷൻ നടത്തുന്ന ആശുപത്രിയായി തിരുവനന്തപുരം മെഡിക്കൽ കോളേജ്.

Shaila. M

സെക്ഷൻ ഓഫീസർ

**അനുബന്ധം 3**

അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിന് സൗകര്യവും ലൈസൻസും ഉള്ള 49 ആശുപത്രികൾ സംസ്ഥാനത്ത് നിലവിലുണ്ട്. അതിൽ അഞ്ച് സർക്കാർ ആശുപത്രികൾ ഉൾപ്പെടെ 38 ആശുപത്രികളിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നുണ്ട്. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്താൻ സൗകര്യമുള്ള 16 ആശുപത്രികൾ കേരളത്തിലുണ്ട്. അതിൽ രണ്ട് സർക്കാർ ആശുപത്രികളും ഉൾപ്പെടും. ഹൃദയമാറ്റ ശസ്ത്രക്രിയ നടത്താൻ സൗകര്യമുള്ള 14 ആശുപത്രികളിൽ രണ്ട് സർക്കാർ ആശുപത്രികളും ഉൾപ്പെടും. നാളിതുവരെ 376 മസ്തിഷ്ക മരണാനന്തര അവയവദാതാക്കളിൽ നിന്നും 1092 അവയവ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയകൾ നടന്നിട്ടുണ്ട്. കേരളത്തിലെ സാധാരണക്കാർക്ക് അവയവമാറ്റ ശസ്ത്രക്രിയ ഉൾപ്പെടെ ഉള്ള ചികിത്സ സൗകര്യങ്ങൾ ലഭ്യമാണ്. സർക്കാർ മേഖലയിൽ അവയവമാറ്റ ശസ്ത്രക്രിയ സൗകര്യമുള്ള ആശുപത്രികളുടെ പട്ടിക താഴെ ചേർക്കുന്നു.

| **ആശുപത്രി** | **അവയവങ്ങൾ** |
|---|---|
| സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം | വൃക്ക, കരൾ, ഹൃദയം, |
| സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം | വൃക്ക, കരൾ, ഹൃദയം, ശ്വാസകോശം |
| സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ | വൃക്ക |
| സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് | വൃക്ക |
| എറണാകുളം ജനറൽ ഹോസ്പിറ്റൽ | വൃക്ക |

ഈ സ്ഥാപനങ്ങളിൽ വെച്ച് നടത്തുന്ന അവയവമാറ്റ ശസ്ത്രക്രിയകൾ തികച്ചും സൗജന്യമാണ്. വിവിധ ഇൻഷുറൻസ് പദ്ധതികളിൽ ഉൾപെടുന്നവർക്ക് അതിൻ പ്രകാരമുള്ള ആനുകൂല്യവും ചികിത്സ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് അതിന്റെ ആനുകൂല്യവും നൽകി വരുന്നു.

Shaila. M

സെക്ഷൻ ഓഫീസർ